# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4081 — 03.02.2014 ൽ മറുപടിക്ക്

**മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 24 മണിക്കൂറും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നവിധം താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ദീർഘകാലമായ ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഉണ്ട്. മുഹമ്മ സി.എച്ച്.സിയിലെ ശരാശരി പ്രതിദിന ഒ.പി 40 ആണ്. മാത്രമല്ല പ്രസ്തുത സി.എച്ച്.സിയിൽ നിന്നും 15 കി.മി. ദൂരത്തിൽ ചേർത്തല താലൂക്കാശുപത്രിയും 12 കി.മി. ദൂരത്തിൽ ആലപ്പുഴ ജനറൽ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ആയതിനാലാണ് പ്രസ്തുത ആശുപത്രി സി.എച്ച്.സി എന്ന പദവിയിൽ തന്നെ പ്രവർത്തിക്കുന്നത് |

സെക്ഷൻ ഓഫീസർ